**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6150** **09-11-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ പൂക്കോട്ടുംപാടം മുതൽ കരുളായി, മൂത്തേടം, പോത്തുകല്ല് പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് കേരള ജല അതോറിറ്റിക്ക് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകളിലെ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എത്ര രൂപയാണ് വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ ചീഫ് എഞ്ചിനീയറുടെ പേരിൽ ഒടുക്കിയതെന്നും എന്നാണ് ഒടുക്കിയതെന്നും അറിയിക്കാമോ; പ്രസ്തുത തുക കേരള ജല അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ടോ; | (ബി) | 66.7 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 06.07.2021 ന് അടവാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും അറിയിക്കാമോ; | (സി) | ഉണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പി.എച്ച് സെക്ഷൻ നിലമ്പൂർ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | മേൽ പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്ത് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ഇ) | പുതിയതായി അംഗീകരിച്ച നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവർത്തി ടെൻഡർ ചെയ്ത് 75 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ